"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്- നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് ആയ ഡോ. ഷെഹർസ. എം. എസ് -ന്റെ പേരിലുള്ള 281201328, 280402004 നമ്പർ എസ്.എൽ.ഐ പോളിസികളുടെ അർഹമായ ആനുകൂല്യം സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ചട്ടം 20.3 -ൽ ഇളവ് നൽകി - അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.5134/2025/ധന** **തിരുവനന്തപുരം, തീയതി, 12-06-2025**

പരാമർശം :- 1. ഡോ. ഷെഹർസ. എം. എസ് സമർപ്പിച്ച 12/02/2025 തീയതിയിലെ അപേക്ഷ.
2. ഇൻഷ്വറൻസ് ഡയറക്ടറുടെ 09/05/2025 തീയതിയിലെ കെ.എസ്.ഐ.ഡി/ 406/2025 എച്ച്. ക്യൂ ജി.എസ് 5 നമ്പർ കത്ത്.
3. 16/11/1988 -ലെ സ.ഉ (പി) നം.840/88/ധന ഉത്തരവ്.

**ഉത്തരവ്**

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് ആയ ഡോ. ഷെഹർസ. എം. എസ് -ന്റെ പേരിലുള്ള 281201328, 280402004 നമ്പർ എസ്.എൽ.ഐ പോളിസികളുടെ അർഹമായ മുഴുവൻ ആനുകൂല്യവും നൽകണമെന്ന് പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഡോ. ഷെഹർസ. എം. എസ് -ന്റെ പോളിസികളിൽ 03/2015 മുതൽ 01/2017 വരെയുള്ള കാലയളവുകളിലെ പ്രീമിയം 21/04/2017 -ൽ ഒന്നിച്ച് കിഴിക്കൽ നടത്തിയതായി പാസ്സ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും പരാമർശം (3) -ലെ എസ്.എൽ.ഐ ചട്ടം 20.3 പ്രകാരം കാലഹരണപ്പെട്ട പോളിസി സർക്കാരിന്റെയോ വകുപ്പിന്റെയോ അനുമതിയോടുകൂടി പലിശ ഒടുക്കി പുനരുജ്ജീവിപ്പിക്കുവാൻ പോളിസികളുടെ കാലാവധി തീരുന്നതിനു മുൻപ് അവസരങ്ങൾ ഉണ്ടായിരുന്നിട്ടും തുടർനടപടികൾ ഒന്നും സ്വീകരിക്കാതിരുന്നത് മൂലമാണ് ക്ലെയിം തുകയിൽ കുറവ് വരാനിടയായത് എന്നും പരാമർശം (2) പ്രകാരം ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡോ. ഷെഹർസ. എം. എസ് -ന് അക്കൗണ്ടന്റ് ജനറലിൽ നിന്ന് പേസ്ലിപ്പ് ലഭിക്കുന്നതിൽ വന്ന കാലതാമസം കാരണമാണ് 03/2015 മുതൽ 01/2017 വരെയുള്ള കാലയളവുകളിലെ പ്രീമിയം 21/04/2017 -ൽ ഒന്നിച്ച് കിഴിക്കൽ നടത്തിയതെന്നതിനാലും പ്രസ്തുത കാലയളവിലൊഴികെ പ്രീമിയം ഒടുക്കുന്നതിൽ മുടക്കം വരുത്തിയിട്ടില്ലാത്തതിനാലും ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസിന്റെ ചട്ടം 20.3 -ൽ ഇളവ് നൽകി മുടക്കം വരുത്തിയ തുകയുടെ 9% പലിശ കുറവ് ചെയ്ത് പോളിസികളുടെ (281201328, 280402004) അർഹമായ ആനുകൂല്യം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എൽസി ജോർജ്ജ്**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം

ജില്ലാ ഇൻഷ്വറൻസ് ഓഫീസർ, കോഴിക്കോട് (ഇൻഷ്വറൻസ് ഡയറക്ടർ മുഖേന)
ഡോ. ഷെഹർസ. എം. എസ്, ജൂനിയർ കൺസൾട്ടന്റ് , ജനറൽ ആശുപത്രി, നെയ്യാറ്റിൻകര
വെബ് & ന്യൂ മീഡിയ, പി. ആർ. ഡി
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ഇ 3055860 /എസ്റ്റാ-ഡി2/21/2025-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ